# അതിജീവനം അസാധ്യമാക്കുന്ന വികസനം

ഡോ. എസ്. ശാന്തി

**1.** സാമ്പത്തിക വളർച്ച വികസനമെന്ന പ്രക്രിയയുടെ ലക്ഷ്യങ്ങളിൽ ഒന്നു മാത്രമാണ്. പ്രകൃതിയുടെ നിയമങ്ങളിൽ നിന്നും നിയന്ത്രണങ്ങളിൽ നിന്നും ധർമ്മങ്ങളിൽ നിന്നുമുള്ള മനുഷ്യന്റെ വിമോചനമാണ് നമ്മൾ നാഗരികത, വികസനം, പുരോഗതി എന്നിവ കൊണ്ടുദ്ദേശിക്കുന്നത്. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും നേരിട്ട് ആശ്രയിച്ചുള്ള നമ്മുടെ ജീവിതത്തിൽ നിന്നും, ജീവനോപാധികളിൽ നിന്നുമുള്ള നമ്മുടെ വേർപെടലിന്റെ ഓരോ കാൽ വെയ്പ്പും നമ്മൾ സാംസ്കാരിക, നാഗരിക പുരോഗതിയായി കണക്കാക്കുന്നു. മെയ്യനങ്ങാതെയുള്ള ജീവിതം, സുഖസൗകര്യങ്ങൾ, ആധുനിക സാങ്കേതികവിദ്യകളുടെ ലഭ്യത എന്നിവയൊക്കെയാണ് ഇന്ന് ലോകജനത പുരോഗതിയായി കാണുന്നത്. വ്യക്തിസ്വാതന്ത്ര്യത്തിനും സാമ്പത്തിക ഉന്നമനത്തിനും സാമൂഹിക സുസ്വരതയെക്കാളും പാരിസ്ഥിതിക സുരക്ഷയെക്കാളും മുൻതൂക്കം കൊടുക്കുന്ന അന്ധമായ 'പുരോഗതി'യാണ് മനുഷ്യൻ സ്വീകരിച്ചിരിക്കുന്ന വികസനപാത. ഹോമോ സാപ്പിയൻസ് എന്ന മനുഷ്യജാതിയുടെ ഒന്നരലക്ഷം വർഷത്തോളം നീണ്ട പരിണാമയാത്രയിൽ ഇക്കഴിഞ്ഞ ആയിരം ആയിരത്തി ഇരുന്നൂറ് വർഷത്തെ കാർഷികപുരോഗതിയും നൈസർഗിക ആവാസവ്യവസ്ഥകളെ പൂർണ്ണമായി തുടച്ചുമാറ്റിക്കൊണ്ടുള്ള വ്യവസായിക വികസനവും നമുക്ക് ഒരുപാട് അതിശയകരമായ സുഖസൗകര്യങ്ങൾ നൽകി എന്നതു ശരി തന്നെ. പാശ്ചാത്യ ശാസ്ത്ര-സാങ്കേതിക-വ്യാവസായിക-മിലിട്ടറി ഭരണകൂടങ്ങളുടെയും വൻകിട രാഷ്ട്രങ്ങളുടെയും ആഗോളകുത്തക വ്യാപാരത്തിന്റെയും അതിസങ്കീർണ്ണമായ ഒരു വ്യവസ്ഥയാണ് മനുഷ്യരാശി നിർമ്മിച്ചെടുത്തിരിക്കുന്നത്.

'വികസനം' എന്നതിനെ മിക്കവരും ഉദ്ദേശിക്കുന്നത് ഈ ഭീമാകാരവ്യവസ്ഥയുടെ വളർച്ചയും തുടർച്ചയുമാണ്. മനുഷ്യന്റേതു മാത്രമായ ഒരു ലോകവും ആവാസവും സമ്പദ്‌വ്യവസ്ഥയുമാണ് നാം പണിതുയർത്തുന്നത്. നമ്മുടേതുമാത്രമായ നിയമങ്ങളും പരിഗണനകളുമുള്ള ഈ വ്യവസ്ഥ മനുഷ്യനെന്ന ജീവിയെ പ്രകൃതി നിർദ്ധാരണ (natural selection)ത്തിൽ നിന്നുപോലും വിമോചിപ്പിച്ചിരിക്കുന്നു എന്നും ഇന്നു നാം ജീവിക്കുന്നത് മാനവയുഗ (anthropocene) ത്തിലാണെന്നും നമ്മൾ വിശ്വസിക്കുന്നു. പക്ഷെ മനുഷ്യനുൾപ്പെടെ എല്ലാ ജീവജാലങ്ങളും നിലനിൽക്കാൻ ആശ്രയിക്കുന്ന പരസ്പരാശ്രിതവും പരസ്പരപൂരകവുമായ ജീവാഭയവ്യവസ്ഥകളുടെ നാശത്തിലാണ് ഈ വികസന പ്രവർത്തനം നമ്മെ എത്തിച്ചിരിക്കുന്നത്. നമ്മുടെ സ്വാതന്ത്ര്യം, സന്തോഷം, സമാധാനം, സാമൂഹികബന്ധങ്ങൾ, ആരോഗ്യം എന്നിവയെല്ലാം സമ്പത്തിനായുള്ള ഈ നെട്ടോട്ടത്തിനിടയിൽ നമുക്ക് നഷ്ടമാകുകയാണ്. വ്യാവസായിക-സാമ്പത്തിക പുരോഗതിയുടെ ഗുണഫലങ്ങൾ ലോകത്തെ വളരെ ചെറിയൊരു വിഭാഗം മനുഷ്യർക്കേ ലഭിച്ചുള്ളൂ. ബഹുഭൂരിപക്ഷം മനുഷ്യരും ഭൂമിയും പ്രകൃതിവിഭവങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ട് വികസനത്തിന്റെ ഇരകളും അഭയാർത്ഥികളും ആവുകയാണ്. പട്ടിണിയും ദാരിദ്ര്യവും അനാരോഗ്യവും ഭയാനക രോഗങ്ങളുമാണ് വികസനം മനുഷ്യരാശിക്ക് സമ്മാനിക്കുന്നത്.

**2.** വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവങ്ങളുടെ അപര്യാപ്തതയും പരിമിതിയും 1960 കളിൽ തന്നെ നാം തിരിച്ചറിഞ്ഞിട്ടുണ്ട്. പക്ഷെ വിഭവങ്ങളുടെ പരിമിതിയെ ചൊല്ലി മാത്രമല്ല പ്രക്ഷോഭങ്ങൾ ലോകത്ത് ശക്തിയാർജിക്കുന്നത്. നർമ്മദ താഴ്‌വരയിലും നിയാമ്ഗിരിയിലും കൂടംകുളത്തും കീഴാറ്റൂരിലും മാത്രമല്ല ആമസോണിലും ചൈനയിലും ആസ്ട്രേലിയയിലും... ലോകത്തെമ്പാടും നടക്കുന്ന സംഘർഷങ്ങൾ പൈതൃകഭൂമികൾക്കും മനുഷ്യസമൂഹങ്ങൾ കാലാകാലങ്ങളായി ആദരിക്കുന്ന, സംരക്ഷിക്കുന്ന നദികൾക്കും പർവ്വതങ്ങൾക്കും കൃഷിരീതികൾക്കും വേണ്ടിയാണ്. പരമ്പരാഗത ജീവിതസങ്കൽപ്പങ്ങളും വിശ്വാസങ്ങളും ആചാര നിയമങ്ങളും ജീവിതശൈലികളും സംരക്ഷിക്കാനുള്ള സഹന സമരങ്ങളാണ് എല്ലാ വികസന വിരുദ്ധ/പരിസ്ഥിതി സംരക്ഷണ സമരങ്ങളും. മനുഷ്യൻ എങ്ങനെ ജീവിക്കണം, എന്തായിരിക്കണം ജീവിതലക്ഷ്യം, എന്താണ് ജീവനീതി എന്നിങ്ങനെയുള്ള ചോദ്യങ്ങളാണ് ഈ സമരങ്ങൾ ഉന്നയിക്കുന്നത്. സൗന്ദര്യവും സമാധാനവും നീതിയും സാമൂഹിക സുസ്വരതയും നിലനിർത്തികൊണ്ട് മനുഷ്യന് പുരോഗമിക്കാനാകുമോ എന്ന ചോദ്യവും ഉയർത്തുന്നുണ്ട്.

**3.** നീതി, സമത്വം, സമാധാനം, ലിംഗനീതി തുടങ്ങി ജീവിതസുരക്ഷിതത്വത്തിനു ഒഴിച്ചുകൂടാനാവാത്ത ഒരു നന്മയും ഉറപ്പുവരുത്താൻ ലോകമിന്നു സ്വീകരിച്ചിരിക്കുന്ന വികസന മാതൃകയ്ക്ക് കഴിയില്ല. മാത്രമല്ല പ്രകൃതിനിയമങ്ങളും പാരിസ്ഥിതിക നീതിയും മാനിക്കാത്ത മനുഷ്യന്റേതു മാത്രമായ വ്യവസ്ഥയിൽ കുഞ്ഞുങ്ങൾക്കും സ്ത്രീകൾക്കും ആദിവാസികൾക്കും കൈത്തൊഴിൽ ചെയ്യുന്നവർക്കുമൊന്നും നീതി ലഭിക്കില്ല എന്നുറപ്പ്. നാം സൃഷ്ടിക്കുന്ന മാരകമായി മലിനീകരിക്കപ്പെട്ടതും ജീവാഭയവ്യവസ്ഥകൾ താറുമാറാക്കപ്പെട്ടതും ആഗോള കാലാവസ്ഥ പോലും താളം തെറ്റുന്നതുമായ ലോകത്ത് വ്യാവസായിക പുരോഗതിയും സാമ്പത്തിക വികസനവും തകർന്നടിയുകയാണ്. രോഗാതുരമായ ഭൂമിയിൽ മനുഷ്യന്റെ ആരോഗ്യവും സ്വാസ്ഥ്യവും ജീവന്റെ അതിജീവനവും അസാധ്യമാവുകയാണ്.

**4.** സാമ്പത്തിക വളർച്ച കുറഞ്ഞാലും സാമൂഹിക വികാസം സാധ്യമാക്കാം എന്നത് ഉത്തമ ആശയമാണ്. പക്ഷെ ലോകത്തെല്ലായിടത്തുമെന്നതുപോലെ കേരളത്തിലും ജനസംഖ്യാവർധനവും അതിനേക്കാൾ പെരുകുന്ന ഉപഭോഗവും നാഗരിക ജീവിതശൈലികളും നമ്മെ തിരുത്താനാവാത്ത പാരിസ്ഥിതിക തകർച്ചയിലേക്കാണ് എത്തിച്ചത്. പശ്ചിമഘട്ട മലനിരകളും മഴക്കാടുകളും നിരവധി നദീതാഴ്‌വരകളും കായലുകളും തീരപ്രദേശങ്ങളും പ്രകൃതിപരമായ ഭൂവിനിയോഗരീതികളും കൊണ്ടു സമ്പന്നമായ ഈ നിത്യഹരിതഭൂമിയിൽ നമുക്ക് ലളിതമായും സുഖമായും

സമൃദ്ധമായും ജീവിക്കാമായിരുന്നു. ഈ ചെറിയ ഭൂരാശിയുടെ പാരിസ്ഥിതികലോലതയെ ഒട്ടും മനസ്സിലാക്കാതെയാണ് നമ്മൾ കേരളത്തിൽ വ്യാവസായിക വികസനവും നാണ്യവിള–ഏകവിള കൃഷിരീതികളും നഗരവികസനവും നടപ്പിലാക്കിയത്. ഈ പാരിസ്ഥിതിക കൊലപാതകത്തിന്റെ തിക്തഫലങ്ങളാണ് നാമിന്നനുഭവിക്കുന്നത്.

**5.** തീർച്ചയായും സിവിൽ സമൂഹത്തിനും പ്രതിരോധപ്രസ്ഥാനങ്ങൾക്കും വിനാശകരമായ വികസനമാതൃകയെ ചോദ്യം ചെയ്യുന്നതിലും സുസ്ഥിരവും നൈതികവുമായ പുരോഗതിയും സാമൂഹിക പുനർനിർമ്മാണവും വിഭാവനം ചെയ്യുന്നതിലും ഘട്ടംഘട്ടമായി പ്രാവർത്തികമാക്കുന്നതിലും വലിയ പങ്കുണ്ട്. വ്യക്തിജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളിൽ നിന്നും തുടങ്ങി, കുടുംബങ്ങളിലും ഗ്രാമങ്ങളിലും നഗരങ്ങളിലുമെല്ലാം ഈ പരിവർത്തനവും ഹരിതവും നീതിയുക്തവും സുസ്ഥിരവുമായ സമ്പദ്‌വ്യവസ്ഥയും ഭൂവിനിയോഗവും എങ്ങനെയാവണമെന്ന ചർച്ചകളും പരീക്ഷണങ്ങളും പ്രവർത്തനങ്ങളും തുടരണം. വരും തലമുറകൾക്ക് ജീവിക്കാനുള്ള വിഭവങ്ങൾ ഉറപ്പുവരുത്തുന്നതിനൊപ്പം നാം ആഗ്രഹിക്കുന്ന ബഹുസ്വരതയും മതസമന്വയവും സമത്വവും സാഹോദര്യവും തുടരാൻ വേണ്ട അടിസ്ഥാന മാറ്റങ്ങൾ എല്ലാ തലത്തിലും വരുത്താൻ നാം തയ്യാറാവണം. സമസ്ത ജീവജാലങ്ങളും ജീവന്റെ പര്യാവരണവും അതിസങ്കീർണ്ണ പരസ്പരാശ്രിത ബന്ധങ്ങളിലൂടെ വാർത്തെടുക്കുന്ന ജീവന്റെ ആവരണം നമുക്ക് മാത്രം 'വികസിക്കാൻ' വേണ്ട കേവലം പ്രതലമല്ല, നാം കൂടി ഭാഗമായ ജീവസമൂഹവും ജീവന്റെ അഭയവ്യവസ്ഥയുമാണ് എന്ന യാഥാർത്ഥ്യം എളിമയോടെ സ്വീകരിക്കാൻ പരിണാമകഥയിലെ ശിശുവായ മനുഷ്യൻ തയ്യാറായാൽ നമ്മുടെയും ജീവന്റെയും നിലനിൽപ്പ് ഉറപ്പാവും.

**(എഴുത്തുകാരി, പരിസ്ഥിതി പ്രവർത്തക)**

# വികസന സമീപനങ്ങളുടെ പ്രശ്നങ്ങൾ

ഡോ. ടി.വി. സജീവ്

**1.** ഒരു മനുഷ്യൻ എന്ന നിലയിൽ ജീവിക്കുന്ന സമയത്ത് എനിക്ക് എന്റെ കഴിവുകളുടെ പൂർണ്ണമായ സാധൂകരണങ്ങൾക്കുള്ള അവസരം ഉണ്ടാക്കുന്ന സംവിധാനത്തെയാണ് വികസനം എന്ന് ഞാൻ വിളിക്കുന്നത്. ഞാൻ ജനിച്ച മതം, ജാതി, സ്ഥലം തുടങ്ങിയവയുടെ പരിധികൾക്കുള്ളിൽ പെട്ടുപോകാതെ ഒരു പൂർണ്ണ മനുഷ്യനായി ജീവിക്കാനുള്ള സാധ്യത തുറന്നുതരുന്നതിനെയാണ് വികസനം എന്ന് പറയേണ്ടത്. ജനങ്ങൾ സമാധാനത്തോടെ ജീവിക്കുന്ന, സൈന്യങ്ങളില്ലാത്ത, പോലീസിന്റെ ആവശ്യമില്ലാത്ത രാജ്യങ്ങളിലെല്ലാം മനുഷ്യർ അനുഭവിക്കുന്ന ഒരു അവസ്ഥയുണ്ട്. ആ അവസ്ഥയിലേക്കുള്ള വികാസത്തിന്റെ പേരാണ് വികസനം. അല്ലാതെ പാലം പണിയുക, റോഡ് പണിയുക, കെട്ടിടം പണിയുക എന്നിങ്ങനെയുള്ള പ്രവർത്തങ്ങളുടെ പേരല്ല വികസനം. വികസനത്തിന്റെ തോത് അടയാളപ്പെടുത്തുന്നതിനുള്ള ഏകകം ഇവിടെ ജി.ഡി.പി വളർച്ചാ നിരക്കാണ്. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ചിന്തിക്കുന്നത് അടുത്ത വർഷത്തേക്കുള്ള ജി.ഡി.പി എത്ര വർദ്ധിപ്പിക്കാം എന്നാണ്. എന്താണ് ജി.ഡി.പി മോഡലിന്റെ പ്രശ്നം? ആദ്യ പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ സമയത്ത് കെ.എൻ. രാജ് എന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ ഇത്ര ഉയർന്ന വളർച്ചാ നിരക്കിന്റെ ആവശ്യം ഇന്ത്യയ്ക്ക് ഉണ്ടോ എന്ന് ജവഹർലാൽ നെഹ്റുവിനോട് ചോദിക്കുകയുണ്ടായി. വളർച്ചാ നിരക്ക് ഉയരണം എന്ന് നെഹ്റു പറഞ്ഞപ്പോൾ രാജ് നൽകിയ മറുപടി വളരെ പ്രസക്തമാണ്. വളർച്ചാ നിരക്ക് ഇതിലേറെ വർദ്ധിപ്പിക്കാൻ ശ്രമിച്ചാൽ ഇന്ത്യയിൽ ചോരപ്പുഴയൊഴുകുമെന്നും മനുഷ്യർക്ക് നന്നായി ജീവിക്കണമെങ്കിൽ വളർച്ചാ നിരക്ക് കൂട്ടേണ്ട ആവശ്യമില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഒരു സ്ഥലത്തെ ഭരണനേതൃത്വം ആ നാടിന്റെ വികസനത്തെക്കുറിച്ച് സങ്കൽപ്പിക്കുന്ന കാര്യങ്ങൾ ആ ജനതയുടെ സമാധാനത്തെ, സ്വസ്ഥതയെ ബാധിക്കും എന്നാണ് രാജ് പറഞ്ഞതിന്റെ ചുരുക്കം. ഇന്ത്യയുടെ ജി.ഡി.പി പത്തിന് മുകളിലേക്ക് പോയാൽ ഇവിടെ കലാപം ഉണ്ടാകും എന്നാണ് അർത്ഥം. ഇതിന്റെ ലക്ഷണങ്ങൾ കേരളത്തിലും കണ്ടുതുടങ്ങിയിട്ടുണ്ട്. ഗെയ്ൽ പൈപ്പ് ലൈൻ വിഷയത്തിലും നെൽവയൽ നികത്തലിനെതിരെയും നടക്കുന്ന സമരങ്ങൾ കെ.എൻ. രാജ് പറഞ്ഞ കാര്യമാണ് വ്യക്തമാക്കുന്നത്. ജി.ഡി.പി മോഡലിന്റെ മറ്റൊരു പ്രശ്നം കൂടി പറയട്ടെ. സംസ്ഥാനത്തിന്റെ ജി.ഡി.പിയിൽ ഓരോ സർക്കാർ വകുപ്പും നൽകുന്ന സംഭാവനകൾ നോക്കുക. 1970കൾ മുതലുള്ള കണക്ക് നോക്കുകയാണെങ്കിൽ അതിൽ വനം വകുപ്പിന്റെ സംഭാവന കുറഞ്ഞുകൊണ്ടിരിക്കുകയാണ് എന്നു കാണാം. ജി.ഡി.പി കണക്കുകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ വനങ്ങൾ ചെയ്യുന്നത് ഒട്ടും പ്രധാനപ്പെട്ട ധർമ്മമല്ല. അതേസമയം എക്സൈസ് വകുപ്പിന്റെ കണക്കുനോക്കിയാൽ അത് ഓരോ വർഷവും കൂടിക്കൊണ്ടേയിരിക്കുകയാണ്. എന്നാൽ ജി.ഡി.പി വളർച്ചയുടെ കണക്കിൽ ഉൾപ്പെടുത്താൻ കഴിയാത്ത നിരവധി പാരിസ്ഥിതിക സേവനങ്ങൾ വനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ജി.ഡി.പി പാരിസ്ഥിതിക സേവനങ്ങളെ കണക്കാക്കുന്നതേയില്ല. നിസേവനം ആയാണ് അതിനെ കാണുന്നത്. ഒരു ജനതയുടെ ആരോഗ്യത്തെ ഇല്ലാതാക്കുന്ന പ്രക്രിയയാണ് എക്സൈസ് വകുപ്പ് ചെയ്യുന്നത്. അതുപക്ഷെ ജി.ഡി.പിയെ സംബന്ധിച്ച് നോക്കുമ്പോൾ സേവനം ആണ്. ഇന്ന് നിലനിൽക്കുന്ന കണക്കെടുപ്പുകളെല്ലാം സേവനത്തെയാണ് പരിഗണിക്കുന്നത്. നിസേവനങ്ങൾ തിരിച്ചറിയുന്നതേയില്ല.

**2.** വലിയൊരു കാൻവാസിൽ നോക്കിയാൽ മനുഷ്യന്റെ ആവശ്യങ്ങൾ വർദ്ധിക്കുന്നില്ല. ആവശ്യങ്ങൾ നിർമ്മിക്കപ്പെടുകയാണ് ഇന്ന് സംഭവിക്കുന്നത്. പ്രത്യേകതരം ചെരുപ്പിടണമെന്നോ, പ്രത്യേക ഉടുപ്പിടണമെന്നോ, പ്രത്യേക വണ്ടിയിൽ യാത്ര ചെയ്യണമെന്നോ ഉള്ളത് എന്റെ ആവശ്യമല്ല. പക്ഷെ അത് എന്റെ ആവശ്യമായി മാറ്റിത്തീർക്കുന്ന ഒരു സംവിധാനം ഇവിടെ നിലനിൽക്കുന്നുണ്ട്. അ